STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.103/PR/SPMC/PHQ/2026 Date:27.02.2026

# 74-ാമത് ആൾ ഇന്ത്യ പോലീസ് വോളിബോൾ ക്ലസ്റ്റർ മത്സരങ്ങൾക്ക് ഇന്ന് തിരുവനന്തപുരത്ത് സമാപനം

74-ാമത് ആൾ ഇന്ത്യ പോലീസ് വോളിബോൾ & സെപാക് തക്രാ മത്സരങ്ങൾക്ക് ഇന്ന് തിരുവനന്തപുരത്തു പരിസമാപ്തി.

വൈകിട്ട് 5.30ന് ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ മുഖ്യാതിഥിയാകും.

കായികമേളയിൽ പങ്കെടുത്ത വിവിധ സേനാവിഭാഗങ്ങളുടെ മാർച്ച് പാസ്റ്റ്, കേരളത്തിലെ 14 ജില്ലകളെ പ്രതിനിധീകരിച്ചുള്ള 14 ഗാനങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള കലാരൂപങ്ങൾ തുടങ്ങിയ ചടങ്ങുകളോടെയായിരിക്കും സമാപനം.

വോളിബോൾ, സെപാക് തക്രാ മത്സരങ്ങളിൽ വിജയികളായ ടീമുകൾക്കുള്ള പുരസ്കാരവിതരണവും തദവസരത്തിൽ നിർവഹിക്കും. ആൾ ഇന്ത്യ പോലീസ് സ്പോർട്സ് കൺട്രോൾ ബോർഡ് ഡയറക്ടറെ പ്രതിനിധീകരിച്ച് കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ സ്പെഷ്യൽ ഡയറക്ടർ അർവിന്ദ് കുമാർ സമാപന ചടങ്ങിൽ പങ്കെടുക്കും.

ഇക്കഴിഞ്ഞ ഫെബ്രുവരി 23നാണ് കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ചാമ്പ്യൻഷിപ്പിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചത്.

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങളിലും നിന്നുമുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് പുറമെ അസാം റൈഫിൾസ്, BSF,CISF,CRPF,ITBP,RPF,SSB തുടങ്ങിയ 33 സേന വിഭാഗങ്ങളിൽ നിന്നുമുള്ള ടീമുകളാണ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തത്. 33 സേനാവിഭാഗങ്ങളെ പ്രതിനിധീകരിച്ചുള്ള 1105 ഉദ്യോഗസ്ഥർ മത്സരത്തിൽ പങ്കെടുത്തു. ഇതിൽ 767 പുരുഷന്മാരും 338 സ്ത്രീകളും ഉൾപ്പെടുന്നു.

****************************